പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

**ആഭ്യന്തര വകുപ്പിൽ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മറ്റി**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3533 — 14/3/2017-ൽ മറുപടിക്ക്

**ചോദ്യം**
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

**മറുപടി**
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ആഭ്യന്തര വകുപ്പിൽ എസ്.ഐ, സി.ഐ, ഡി.വൈ.എസ്.പി എന്നിവരുടെ പ്രൊമോഷനുകൾ സംബന്ധിച്ച ഡി.പി.സി (ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മറ്റി) എന്നാണ് അവസാനമായി കൂടിയത്; | (എ) | 2017 വർഷത്തെ സ്ഥാനക്കയറ്റത്തിനായി നടന്ന ഡി.പി.സി.യുടെ തീയതികൾ-<br>1) ഡി.വൈ.എസ്.പി. തസ്തികയിൽ നിന്നും എസ്.പി. തസ്തികയിലുള്ള സ്ഥാനക്കയറ്റം - 17/01/2017<br>2) സി.ഐ. തസ്തികയിൽ നിന്നും ഡി.വൈ.എസ്.പി. തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനായുള്ള ഡിപിസി നടന്നിട്ടില്ല.<br>3) എസ്.ഐ. തസ്തികയിൽ നിന്നും സി.ഐ. തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനായുള്ള ഡിപിസി 03/02/2017, 06/02/2017, 28/02/2017, 01/03/2017 (2005 മുതൽ 2013 വർഷത്തെ ഒഴിവുകൾക്കായുള്ള സെലക്റ്റ് ലിസ്റ്റ് പുനരവലോകനവും, 2014 മുതൽ 2017 വർഷത്തെ സ്ഥാനക്കയറ്റത്തിനായുള്ള ലിസ്റ്റും തയ്യാറാക്കിയിട്ടുണ്ട്). |
| (ബി) | ലോവർ ഡി.പി.സി കൂടുമ്പോൾ ഉദ്യോഗസ്ഥരുടെ രേഖകൾ സംബന്ധിച്ച രഹസ്യ ഫയൽ തയ്യാറാക്കുന്നതിൽ വീഴ്ച വന്നതായിട്ടുള്ള റിപ്പോർട്ടുകൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് ആരാണ് ഉത്തരവാദികൾ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എസ്.ഐ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥരുടെ സി.ആറുകൾ ആരാണ് തയ്യാറാക്കുന്നത്; ഇത് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ; | (സി) | എല്ലാ ഉദ്യോഗസ്ഥൻമാരുടെയും ACR തയ്യാറാക്കുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ കൺട്രോളിംഗ് ഓഫീസർമാരാണ്. |
| (ഡി) | ഡി.പി.സി. നടപടി ക്രമങ്ങളിലെ വീഴ്ച അടിയന്തരമായി പരിഹരിച്ച് പ്രൊമോഷനുകൾ നൽകുവാനുള്ള നടപടി സ്വീകരിക്കുമോ; വിശദമായ വിവരം ലഭ്യമാക്കുമോ ? | (ഡി) | ഡി.പി.സി.-കൾ സമയ ബന്ധിതമായി കൂടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ